## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 6135**

**07.11.2016 - ൽ**
**മറുപടിക്ക്**

### തിരൂരങ്ങാടിയിലെ കർഷകർക്ക് ഗുണമേന്മയുള്ള നെൽവിത്തുകൾ

**ചോദ്യം**
**ശ്രീ.പി.കെ.അബ്ദു റബ്ബ്**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| **എ)** മലപ്പുറം ജില്ലയിലെ നെല്ലറ എന്ന് അറിയപ്പെടുന്ന തിരൂരങ്ങാടിയിലെ വിവിധ പാടശേഖരങ്ങളിലെ കർഷകർക്ക് ഗുണമേന്മയുള്ള നെൽവിത്തുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | **എ)** ഗുണമേന്മയുള്ള നെൽവിത്തുകൾ സംസ്ഥാന വിത്ത് വികസന അതോറിറ്റി, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങൾ മുഖേന കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. കൂടാതെ നെൽവിത്തിന് സബ്സിഡി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതികൾ മുഖേന കർഷകർക്ക് നൽകി വരുന്നുമുണ്ട്. കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള കൃഷി വകുപ്പിലെ പദ്ധതി മുഖേന ഹെക്ടറിന് 3,600/- രൂപ നിരക്കിൽ നെൽവിത്തിന് സബ്സിഡി നൽകി വരുന്നുണ്ട്. കൂടാതെ നെൽവിത്ത് ഉൾപ്പെടെയുള്ള ഉല്പാദനോപാധികൾക്ക് ഹെക്ടറിന് 1,500/- രൂപ നിരക്കിൽ സബ്സിഡി സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിലൂടെ കൃഷി വകുപ്പ് നൽകി വരുന്നുണ്ട്. |
| **ബി)** പ്രസ്തുത കർഷകർക്ക് വളങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | **ബി)** സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ കർഷകർക്ക് വളം ഉൾപ്പെടെയുള്ള ഉല്പാദനോപാധികൾക്ക് സബ്സിഡി ഇ-പേയ്മെന്റ് ആയി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകി വരുന്നുണ്ട്. |
| **സി)** ഇവിടുത്തെ കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന്റെ വില കാലതാമസമില്ലാതെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | **സി)** നെല്ല് സംഭരണത്തിനായി 2016-17 ലെ ബഡ്ജറ്റിൽ 600 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സമയബന്ധിതമായി നെൽവില നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**